CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ദിവ്യബലിയിൽ സാരാംശഭേദം എവിടെ?

റവ. ഡോ. സിറിയക്കു് മേടയിൽ

നീണ്ടൂർ
20 - 11 - 1986

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# ദിവ്യബലിയിൽ സാരാംശഭേദം എവിടെ ?

സീറോ മലബാർ സഭയിലെ ചില ആരാധനക്രമ വിദഗ്ധരുടെ അഭിപ്രായം കൂദാശാസ്ഥാപനവാക്യങ്ങൾ ഉച്ചരിക്കുമ്പോൾ അപ്പത്തിനും വീഞ്ഞിനും സാരാംശഭേദം സംഭവിക്കുന്നില്ലെന്നും അനാഫൊറാ മുഴുവൻ ചൊല്ലുമ്പോഴാണ് (the whole anaphora is consecratory) അതു സംഭവിക്കുന്നതെന്നുമാണ്. അതായതു് സാരാംശഭേദം ഒരു നിമിഷംകൊണ്ട് സംഭവിക്കുന്നില്ലന്നാണ് അവരുടെ സിദ്ധാന്തം.

അപ്പത്തിനും വീഞ്ഞിനും സാരാംശഭേദം സംഭവിക്കുന്നതു് ഒരു മഹാത്ഭുതമാണ്. അത്ഭുതം നടക്കുന്നതു് ഒരു നിമിഷംകൊണ്ടും. അപ്പോൾ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്ന അത്ഭുതങ്ങളുടെ അത്ഭുതം നടക്കുന്നതും ഒരു നിമിഷം കൊണ്ടായിരിക്കണമല്ലൊ. ക്രിസ്തു മരിച്ചവരെ ഉയർപ്പിച്ച മൂന്നു അത്ഭുതങ്ങൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജയ്റോസിൻെറ മകളെ അവിടുന്ന് ഉയപ്പിച്ച സംഭവം മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുള്ളതു് ഇപ്രകാരമാണ് ''ബാലികേ എഴുന്നേൽക്കുക'' *തൽക്ഷണം* ബാലിക എഴുന്നേററ് നടന്നു. (മർക്കോ.5:41-43). നായ്നിലെ വിധവയുടെ മകനോട് ക്രിസ്തു: ''യുവാവേ, ഞാൻ നിന്നോടു പറയുന്നു: എഴുന്നേൽക്കുക'' മരിച്ചവൻ *ഉടനെ* എഴുന്നേററിരുന്നു. (ലൂക്കാ.7:14-15). മരിച്ച ലാസറിനെ ഉയർപ്പിച്ച സംഭവം യോഹന്നാൻ സുവിശേഷകൻ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നതു്. ''അവൻ (ക്രിസ്തു) ഉച്ചത്തിൽ പറഞ്ഞു: ലാസറെ, പുറത്തുവരിക. *അപ്പോൾ* മരിച്ചവൻ പുറത്തുവന്നു'' (യോഹ. 11-43).

ഒരാൾക്കു മാമ്മോദീസാ നല്കുന്ന അവസരത്തിൽ, കാർമ്മികൻ ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു.'' എന്നുച്ചരിച്ചു കഴിയുമ്പോൾ ആ നിമിഷത്തിൽത്തന്നെ കൂദാശവചനങ്ങളുടെ ശക്തിയാൽ അയാൾ ക്രൈസ്തവനായിത്തീരുന്നു.

## ദിവ്യബലിയുടെ അന്തഃസത്ത

ഭൂമിയിൽ ജനിച്ചിട്ടുള്ള ഏതെങ്കിലും മനുഷ്യൻ എപ്പോഴെങ്കിലും ഉച്ചരിച്ചിട്ടുള്ള ഏററവും പ്രധാനപ്പെട്ട വാക്കുകൾ ഏതെന്നു ചോദിച്ചാൽ, ക്രിസ്തു ഉച്ചരിച്ച ''ഇതു് എൻെറ ശരീരമാകുന്നു. ഇതു് എൻെറ രക്തമാകുന്നു.'' എന്നുള്ള കൂദാശാവചനങ്ങളാണെന്നു പറയുന്നതായിരിക്കും ശരിയായ ഉത്തരം. അപ്പത്തെയും വീഞ്ഞിനെയും തൻെറ ശരീരരക്തങ്ങളാക്കി മാററിയ ആ വാക്കുകൾ തന്നെ. സത്യദൈവവും സത്യമനുഷ്യനുമായ ഈശോമിശിഹാ യഥാർത്ഥമായും സത്താപരമായും (really and substantially) അൾത്താരയിൽ സന്നിഹിതനാകുന്ന ആ നിമിഷമാണ് ലോകത്തിലെ ഏററവും വലിയ അനർഘനിമിഷം. ഇത്തരുണത്തിൽ പ്രസിദ്ധ ദൈവശാസ്ത്രപണ്ഡിതനായ ബിഷപ്പ് ബോസ്വേ (Bossuet) യുടെ വാക്കുകൾ ഓർമ്മിക്കുന്നതു് സന്ദർഭോചിതമായിരിക്കും. "There is nothing in the universe greater than Jesus Christ; and nothing in Jesus Christ greater than His Sacrifice; and nothing in His Sacrifice greater than that last sigh and precious moment which separated His all-adorable soul from His all-adorable body."

വി. കുർബാനയുടെ അന്ത:സത്ത (essence) എന്താണെന്ന് അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാമായിരുന്നു. അതായതു്, അപ്പത്തിൻെറയും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വീഞ്ഞിന്റെയും മേൽ ഉച്ചരിക്കുന്ന കൂദാശസ്ഥാപനവാക്യങ്ങളും അപ്പോഴുള്ള സംഭവിക്കുന്ന സാരാംശഭേദവും. മററു വാക്കുകളിൽ അപ്പവും വീഞ്ഞും രണ്ടു സാദൃശ്യത്തിൽ കൂദാശ ചെയ്തു് ഗാഗുൽത്തായിലെ രക്താങ്കിതമായ ബലിയെ കൂദാശപരമായി പുനരവതരിപ്പിക്കുന്നതിലാണു് കുർബാനയുടെ അന്തഃസത്ത അടങ്ങിയിരിക്കുന്നതു്.

ഈ ദ്വിവിധ കൂദാശ ചെയ്യൽ ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. മരണമില്ലാത്ത ബലി ബലിയെന്ന പേരിനു് അർഹമല്ല. എന്നാൽ, ക്രിസ്തുവിന്റെ മരണം പരിത്രാണാത്മകമാണു് (Redemptive death), ജീവൻ നല്കുന്നതിനുവേണ്ടിയാണു്. ക്രിസ്തുവിന്റെ പരിത്രാണാത്മകമായ മരണത്തിൽ അവിടുത്തേ ഉയിർപ്പും ഉൾക്കൊള്ളുന്നുണ്ടു്. ക്രിസ്തുവിനെ കുരിശിലേക്കു നയിച്ച സ്നേഹം മരണത്തേക്കാൾ ശക്തിയേറിയതാകയാൽ, അന്തമില്ലാത്ത അതേ അനർഘനിമിഷത്തിൽ തന്നെ(that precious moment unending) അവിടുത്തെ പരിശുദ്ധമായ ആത്മാവും പരിശുദ്ധമായ ശരീരവും വീണ്ടും സംയോജിക്കപ്പെടുന്നു. ഇതു് അവിടുത്തെ ഉയർപ്പിനെ സൂചിപ്പിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവു് അവിടുത്തെ അനന്തമായ സ്നേഹവും ശക്തിയുംവഴി കാൽവരിയിലെ പരമോന്നതമായ നിമിഷം ശാശ്വതമാക്കിത്തീർത്തു. കൂദാശാവചനങ്ങൾ ക്രിസ്തുവിന്റെ മരണത്തെ എന്നപോലെ അവിടുത്തെ ഉത്ഥാനത്തെയും പ്രതീകാത്മകമായി ഉൾക്കൊള്ളുന്നുണ്ടു്. 2-ാം വത്തിക്കാൻ കൗൺസിൽ ആരാധന ക്രമത്തെക്കുറിച്ചുള്ള ഡിക്രിയിൽ ഇപ്രകാരം പ്രഖ്യാപിച്ചു: ''നമ്മുടെ രക്ഷകൻ അവിടുത്തെ തിരുരക്തങ്ങളുടെ ബലിയായ കുർബാന, അവിടുന്നു് ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ ഒടുവിലത്തെ അത്താഴവേളയിൽ സ്ഥാപിച്ചു. കുരിശിലെ തന്റെ ബലി തന്റെ പുനരാഗമനംവരെ അവിരാമം തുടർന്നുകൊണ്ടു പോകുവാൻ വേണ്ടിയായിരുന്നു അവിടുന്നു അങ്ങനെ ചെയ്തതു്. ഇതു വഴിയായി തന്റെ പ്രിയതമയായ സഭയെ അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണ ഭരമേല്പിച്ചു. വി. കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണു്. ഇതു് ഒരു പെസഹാ വിരുന്നും കൂടിയാണു്. അതിൽ ക്രിസ്തു നമ്മുടെ ഭക്ഷണമായിത്തീരുകയും നമ്മുടെ ആത്മാവു് ദൈവപ്രസാദംകൊണ്ടു നിറയുകയും ഭാവിമഹത്വത്തിനു് ഇതു് അച്ചാരമായി ഭവിക്കുകയും ചെയ്യും'' (ആരാധനക്രമം ഡിക്രി. Chp. 47).

## വി. കുർബാന കൂദാശയും ബലിയും

വി. കുർബാന ഒരു കൂദാശയാണു്. എല്ലാ കൂദാശകൾക്കുമുണ്ടു് നിഷേധാത്മകവശവും ഭാവാത്മകവശവും. ഉദാഹരണമായി മാമ്മോദീസയിൽ, കാർമ്മികൻ കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ ജന്മപാപവും കർമ്മപാപവും ആ വ്യക്തിയിൽനിന്നു തുടച്ചു മാററപ്പെടുന്നു. ഇതു മാമ്മോദീസായുടെ നിഷേധാത്മകവശമാണു്. ഇതു ക്രിസ്തുവിനോടുകൂടിയുള്ള മരണത്തെ സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ അയാൾ ദൈവസ്വഭാവത്തിൽ ഭാഗഭാക്കാവുകയും ചെയ്യുന്നു. അതായതു്, മറെറാരു ക്രിസ്തുവായി രൂപാന്തരപ്പെടുന്നു. ഇതു് മാമ്മോദീസയുടെ ഭാവാത്മകവശവും ഇതു് ക്രിസ്തുവിനോടു കൂടിയുള്ള ഉയർപ്പിനെ സൂചിപ്പിക്കുന്നു. പാപങ്ങൾ നീക്കപ്പെടുന്ന ആ നിമിഷംതന്നെയാണു് ദൈവികജീവനിൽ ഭാഗഭാഗിത്വം ഉണ്ടാകുന്ന നിമിഷവും. ഇവ രണ്ടും തമ്മിൽ ഇടവേളയില്ല. ഇപ്രകാരം ക്രിസ്തുവിന്റെ രക്ഷാകരരഹസ്യത്തിൽ അവിടുത്തെ മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്നുണ്ടു്. അവിടുത്തെ മരണത്തിന്റെ നിമിഷംതന്നെയാണു് ഉത്ഥാനത്തിന്റെയും നിമിഷം.

ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും പുനരുത്ഥാനവും ഉൾക്കൊള്ളുന്നതാണല്ലോ പെസഹാരഹസ്യം (paschal mystery). വി. കുർബാനയുടെ അന്തഃസത്ത ക്രിസ്തുവിന്റെ പെസഹാരഹസ്യമാണു്. എല്ലാ കൂദാശകളും

www.TheCMSIndia.org

ക്രിസ്തുവിന്റെ പെസഹാരഹസ്യം ഉൾക്കൊള്ളുന്നുണ്ടെങ്കിലും വി. കുർബാന എന്ന കൂദാശയിൽ അതു് ഏററവും പൂർണ്ണമായി അടങ്ങിയിരിക്കുന്നു.

ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ അനുസ്മരണവും പുനരവതരണവുമാണല്ലോ വി. കുർബാന. അനുസ്മരണം വെറും ഓർമ്മയല്ല. അതു ദൈവത്തിന്റെ ക്രിയാത്മകവും ഫലദായകവും സജീവവുമായ സ്മരണയാണു്. ക്രിസ്തുവിന്റെ പുനരുത്ഥാനവും കുരിശിൽനിന്നും പ്രവഹിക്കുന്ന യോഗ്യതകളും (merits) വിസ്മരിച്ചുകൊണ്ടു് ബലിയെ ദർശിക്കുന്നതു് മൗഢ്യമാണു്. പുനരവതരണം കൗദാശികവും പ്രതീകാത്മകവുമാണു്. കുരിശിൽ ക്രിസ്തു തന്റെ ശരീരത്തെയും രക്തത്തെയും ഭൗമികമായി (physically) വേർപെടുത്തിക്കൊണ്ടു് ബലിയർപ്പിച്ചു. എന്നാൽ അൾത്താരയിൽ അവിടുന്നു തന്റെ ശരീരത്തെയും രക്തത്തെയും മൗതികമായി (mystically) വേർപെടുത്തിക്കൊണ്ടു് ബലിയർപ്പിക്കുന്നു.

വി. കുർബാന കൗദാശികബലിയും ബലിയിൽ അധിഷ്ഠിതമായ കൂദാശയുമാണു്. (Sacramental Sacrifice and Sacrificial Sacrament) കാണാൻ പാടില്ലാത്ത പ്രസാദവരം മനുഷ്യനു നൽകുന്ന ദൃശ്യമായ അടയാളമാണല്ലൊ കൂദാശ. എല്ലാ കൂദാശകൾക്കുമുണ്ടു് കർമ്മസാധനവും കർമ്മരൂപവും (Sacramental matter and Sacramental form). വി. കുർബാനയുടെ കർമ്മസാധനം അപ്പവും വീഞ്ഞും കർമ്മരൂപം ഈശോമിശിഹാ തന്നെ ഉച്ചരിച്ച 'ഇതു് എന്റെ ശരീരമാകുന്നു; ഇതു് എന്റെ രക്തമാകുന്നു' എന്ന വചനങ്ങളാണു്. കൂദാശകൾ ക്രിസ്തുവിന്റെ പ്രവർത്തികളാണു്. അവയ്ക്കു രക്ഷാകരശക്തിയുണ്ടു്. കൂദാശ അതിൽത്തന്നെ രക്ഷാകരഫലം പുറപ്പെടുവിക്കാൻ(ex opere operato) കഴിവുള്ളതാണു്. ''ക്രിസ്തു സ്വശക്തിയാൽ കൂദാശകളിൽ സന്നിഹിതനാകുന്നു''എന്നു വത്തിക്കാൻ കൗൺസിൽ ആരാധനക്രമം എന്ന ഡിക്രിയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു് (chp. 1, 7) ''സ്വശക്തിയാൽ'' എന്നതിനു് വലിയ അർത്ഥവ്യാപ്തിയുണ്ടു്. അവിടുന്നു സ്വശക്തിയാൽ കൂദാശകളിൽ സന്നിഹിതനായിരിക്കുക മാത്രമല്ല, സ്വശക്തിയാൽ കൂദാശകൾ പരികർമ്മം ചെയ്യുകയും സ്വശക്തിയാൽ പ്രസാദവരം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഒരാൾ മാമ്മോദീസാ നൽകുമ്പോൾ ക്രിസ്തു തന്നെയാണു് മാമ്മോദീസാ നൽകുന്നതു്. വൈദികൻ പാപമോചനം നൽകുമ്പോൾ ക്രിസ്തു തന്നെയാണു പാപമോചനം നൽകുന്നതു്. വൈദികൻ ബലിയർപ്പിക്കുമ്പോൾ ക്രിസ്തു തന്നെയാണു് ബലിയർപ്പിക്കുന്നതു്. ക്രിസ്തു ദൈവമെന്ന നിലയിൽ എല്ലാ പ്രസാദവരങ്ങളുടെയും കർത്താവും ഉറവിടവും (Author and Source) ആണു്. അവിടുന്നാണു് കൂദാശകൾ വഴിയുള്ള പ്രസാദവരങ്ങളുടെ നിമിത്തകാരണം (efficient cause). മാത്രമല്ല, അവിടുന്നു് പ്രഥമവും പ്രധാനവും യോഗ്യതാപൂർണ്ണവുമായ കാരണമാണു് (Christ is the efficient, Primary, Principal and meritorious cause of the grace produced by the Sacraments). കൂദാശകൾ പ്രസാദവരം പ്രദാനം ചെയ്യുന്നുണ്ടു്; പക്ഷെ അവ ഉപകരണകാരണമാണു് (instrumental cause).

ദൈവീക വ്യക്തിയായ ക്രിസ്തു രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഇവയെല്ലാം അവിടുന്നു് പ്രവർത്തിച്ചിട്ടുള്ളതു് തന്റെ മനുഷ്യത്വത്തിൽ കൂടിയാണു്. മാത്രമല്ല, തന്നിൽനിന്നും ജീവൻ മററുള്ളവരിലേയ്ക്കു് പുറപ്പെടുന്നതിനു് തന്റെ മനുഷ്യത്വത്തെയാണു് അവിടുന്നു ഉപകരണകാരണമായി(instrumentum conjunctum)സ്വീകരിച്ചതു്. ''അവനിൽ നിന്നും ശക്തി പുറപ്പെട്ടു് എല്ലാവരേയും സുഖപ്പെടുത്തിയിരുന്നു'' എന്നു് വി. ലൂക്കോസുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ (ലൂക്കോ. 6:19). ക്രിസ്തു പീഡ സഹിച്ചതും മരിച്ചതും മനുഷ്യകുലത്തെ പരിത്രാണനം ചെയ്തതും തന്റെ മനുഷ്യത്വത്തിലാണു്.

www.TheCMSIndia.org

# ക്രിസ്തുവും പരിശുദ്ധാത്മാവും

ക്രിസ്തു പ്രവർത്തിച്ചതെല്ലാം പരിശുദ്ധാത്മാവിനാൽ പ്രേരിതനായിട്ടാണ്; പരിശുദ്ധാത്മാവിന്റെ ആമന്ത്രണങ്ങൾക്ക് വിധേയനായിട്ടാണ്. (Every human activity of Christ was directed by the Spirit of love. It is under the inspiration, by the promptings of the Holy Spirit, that Christ acted). എപ്രകാരമാണ് ത്രിത്വം ഏകത്വത്തിൽ ബന്ധിതനായിരുന്നു എന്നതു് സുവിശേഷം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. പിതാവായ ദൈവത്തിന്റെ അഭീഷ്ടം നിറവേററുക എന്നതായിരുന്നു പുത്രനായ ദൈവത്തിന്റെ ''നിർവികാരമായ വികാരം.'' പക്ഷേ, അവിടുന്ന് അപ്രകാരം ചെയ്തതോ പരിശുദ്ധാത്മാവായ ദൈവത്തിന്റെ നിയന്ത്രണത്തിലും. ''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ പരിശുദ്ധാത്മാവ് മരുഭൂമിയിലേക്കു് നയിച്ചു''എന്നു് മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്(മത്താ. 4:1). അതേ പരിശുദ്ധാത്മാവുതന്നെയാണ് ക്രിസ്തുവിനെ ഗലീലായിലേക്കു കൂട്ടിക്കൊണ്ടുപോയതും പരസ്യജീവിതത്തിലേക്കു പ്രവേശിപ്പിച്ചതും (ലൂക്കാ. 4:14)അവിടുന്നു പിശാചുക്കളെ ബഹിഷ്ക്കരിച്ചതും പരിശുദ്ധാരൂപിയെക്കൊണ്ടാണ്. (മത്താ.12:28). പരിശുദ്ധാത്മാവിനാൽ പ്രേരിതനായിട്ടാണ് അവിടുന്നു ആനന്ദംകൊണ്ടു നിറഞ്ഞു് ഇപ്രകാരം വിളിച്ചു പറഞ്ഞതു്: ''സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും ചെയ്തു'' (ലൂക്കാ. 10:21). ക്രിസ്തു തന്റെ പരമോന്നതകൃത്യമായ ബലിയർപ്പിച്ചതും പരിശുദ്ധാത്മാവിനാൽ പ്രേരിതനായിട്ടാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഇക്കാര്യം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. *''പരിശുദ്ധാത്മാവുവഴി ക്രിസ്തു തന്നെത്തന്നെ കളങ്കമില്ലാതെ ദൈവത്തിന്നു സമർപ്പിച്ചു''* (ഹെബ്രാ.9:14). അന്ത്യ അത്താഴസമയത്തു് ക്രിസ്തു പരിശുദ്ധാത്മാവിന്റെ പ്രചോദനംവഴി അപ്പത്തിന്മേലും വീഞ്ഞിന്മേലും കൂദാശവചനങ്ങൾ ഉച്ചരിച്ചപ്പോൾ അപ്പവും വീഞ്ഞും യഥാർത്ഥമായും സത്താപരമായും അവിടുത്തെ ശരീരരക്തങ്ങളായി രൂപാന്തരപ്പെട്ടു.

കുരിശിലെ ബലിയെ മുൻകൂട്ടി കണ്ടുകൊണ്ടു് അതുമായി ബന്ധപ്പെടുത്തിക്കൊണ്ടു്, ക്രിസ്തു അന്ത്യ അത്താഴസമയത്തു് അപ്പമെടുത്തു് ''ഇതു് എന്റെ ശരീരമാകുന്നു. നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ'' എന്നും, വീഞ്ഞെടുത്തു് ''ഇതു് എന്റെ രക്തമാകുന്നു. നിങ്ങൾ വാങ്ങി പാനം ചെയ്യുവിൻ'' എന്നും ഉച്ചരിച്ചുകൊണ്ടു്, പ്രതീകാത്മകമായി ബലിയർപ്പിച്ചശേഷം 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ'എന്നു് ശ്ലീഹന്മാരോടു കല്പിച്ചു. ഈ കല്പനയിൽനിന്നു് പ്രധാനമായി രണ്ടു കാര്യങ്ങൾ വ്യക്തമാണ്.

1. ക്രിസ്തുവിന്റെ മരണം സാധാരണഒരു മനുഷ്യന്റെ മരണമായിരുന്നില്ല.കുർബാന രണ്ടായിരം വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു മരണത്തിന്റെ ഓർമ്മപുതുക്കലുമല്ല! അങ്ങനെ ആയിരുന്നെങ്കിൽ അതു് അർത്ഥശൂന്യമാകുമായിരുന്നു. എന്നാൽ, ദൈവപുത്രനായ ക്രിസ്തു തന്റെ മനുഷ്യത്വത്തിൽക്കൂടി അർപ്പിച്ചതു് പാപപരിഹാരബലി ആകയാൽ തന്നെത്തന്നെ നമുക്കു ഭക്ഷണവും പാനീയവുമായി നൽകിക്കൊണ്ടുള്ള ക്രിസ്തുവിന്റെ പരിത്രാണാത്മക മരണത്തെ, (Redemptive death) പുനരുത്ഥാനവും കുരിശിൽനിന്നു പ്രവഹിക്കുന്ന യോഗ്യതകളും ഉൾക്കൊള്ളുന്നതായ അവിടുത്തെ പരിത്രാണാത്മക മരണത്തെ അനുസ്മരിക്കുകയും ആവർത്തിക്കുകയും പുനരവതരിപ്പിക്കുകയും ചെയ്യുക.

2. ഏതെങ്കിലും ഒരു മനുഷ്യന്റെ ശരീരം ഭക്ഷിക്കുന്നതു് അർത്ഥശൂന്യവും അതാവശ്യപ്പെടുന്നതു് ബുദ്ധിശൂന്യവുമാണ്. എന്നാൽ തന്റെ മനുഷ്യത്വത്തിൽ ബലിയർപ്പിച്ചതു് ദൈവപുത്രനായ ക്രിസ്തുവായതുകൊണ്ടു് തന്നെത്തന്നെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പാപപരിഹാരബലിയായി അർപ്പിച്ച മനുഷ്യപുത്രന്റെ (Son of Man) പരിത്രാണാത്മക മരണത്തിലൂടെ ഉത്ഥിതനും മഹത്വീകൃതനുമായ ക്രിസ്‌തുവിന്റെ ഉത്ഥിതവും മഹത്വീകൃതവുമായ ശരീരവും രക്തവും വി. കുർബാനയിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക. അപ്പോൾ അവ നിത്യജീവന് പ്രയോജനപ്പെടുകയും ചെയ്യും.

## മൗതികശരീരത്തിന്റെ ബലിയും പരിശുദ്ധാത്മാവും

വി. കുർബാന അർപ്പിക്കുന്നത് ക്രിസ്‌തുവിന്റെ മൗതികശരീരമാണ്. (Mystical Body). മൗതികശരീരത്തിന്റെ ശിരസ്സായ ക്രിസ്‌തുവും അതിന്റെ അംഗങ്ങളും (ദൈവജനം) കൂടുന്നതാണല്ലോ മൗതികവ്യക്തി (mystic person) അഥവാ മൗതികക്രിസ്‌തു (Mystical Christ)—(Head and members of the mystical body form but one mystic person—the whole Christ). കാൽവരിയിലെ ബലി ഭൗമിക ക്രിസ്‌തുവിന്റെ (Physical Christ) മാത്രം ബലിയായിരുന്നെങ്കിൽ, അൾത്താരയിലെ ബലി മൗതിക ക്രിസ്തുവിന്റെ(Mystical Christ) ബലിയാണ്. സമ്പൂർണ്ണ ക്രിസ്‌തുവിന്റെ ബലിയാണ്. മൗതികശരീരത്തിന്റെ അംഗങ്ങളെന്നനിലയിൽ ഞാനും നിങ്ങളും ലോകത്തിലെങ്ങും അർപ്പിക്കപ്പെടുന്ന കുർബാനകളിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ഭൗമിക ക്രിസ്‌തുവും മൗതിക ക്രിസ്‌തുവും രണ്ടു വ്യത്യസ്ത വ്യക്തികളല്ല. വി. പൗലോശ്ലീഹാ പ്രസ്താവിച്ചിട്ടുള്ളതുപോലെ ''യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്'' (ഹെബ്രാ.13:8). കുരിശിൽ സ്വയാർപ്പണം ചെയ്ത ക്രിസ്‌തു തന്നെയാണ് പുരോഹിത ശുശ്രൂഷയിലൂടെ ഇപ്പോൾ അതേ അർപ്പണം നടത്തുന്നത്. അതേ, ക്രിസ്‌തു ഇന്ന് അക്ഷയം, ലഘുത്വം, ദീപ്തി, സൂക്ഷ്മം എന്നീ ഗുണങ്ങളോടുകൂടിയ ഉത്ഥിതനും മഹത്വീകൃതനുമാണ് (Risen and glorified Christ). കുരിശിൽ അവിടുന്ന് തനിച്ച് തന്നെത്തന്നെ പിതാവായ ദൈവത്തിനു സമർപ്പിച്ചു. അൾത്താരയിലെ ബലിയിൽ അവിടുന്ന് മൗതികശരീരത്തിന്റെ അംഗങ്ങളോടുകൂടി പുരോഹിതശുശ്രൂഷയിലൂടെ സ്വയാർപ്പണം നടത്തുന്നു.

കുർബാനയിൽ ക്രിസ്‌തു ബലിയർപ്പകനും ബലിവസ്‌തുവും ബലിയർപ്പണവും (the Offerer, the Offered, and the Offering) ആയിരിക്കുന്നതുപോലെ മൗതികശരീരത്തിലെ അംഗങ്ങളെല്ലാവരുംഒരു ശരീരമെന്നനിലയിൽ ക്രിസ്‌തുവിലും ക്രിസ്‌തുവിലൂടെയും ക്രിസ്‌തുവിനോടുകൂടിയും ബലിയർപ്പകനും ബലിവസ്‌തുവും ബലിയർപ്പണവുമാണ്. ക്രിസ്‌തുവിന്റെ സ്വാഭാവിക ശരീരമാണ് മറ്റെല്ലാത്തിനുമുപരിയായി കാഴ്ചവസ്തുവായി സമർപ്പിക്കപ്പെടുന്ന വസ്‌തു. അതായത്,സമർപ്പണം ഒന്നേയുള്ള—ഈശോമിശിഹായെ.കാരണം, ദൈവ-മനുഷ്യനായ (God-Man) ക്രിസ്‌തുവിനല്ലാതെ മറ്റാർക്കും ബലിയർപ്പിക്കുവാൻ സാദ്ധ്യമല്ല. അവിടുന്ന് അൾത്താരയിൽ ബലിയർപ്പിക്കുന്നതോ ശുശ്രൂഷാപൗരോഹിത്യത്തിലൂടെയും.

മൗതികശരീരത്തിന്റെ ആത്മാവ് പരി. ത്രീത്വത്തിലെ മൂന്നാമാളായ പരിശുദ്ധാത്മാവാണ്. അവിടുന്ന് മുഴുവനായി മൗതികശരീരത്തിന്റെ എല്ലാ ഭാഗത്തും, മുഴുവനായിത്തന്നെ ഓരോ ഭാഗത്തും സന്നിഹിതനാണ്. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് (dwelling within us) അവിടുത്തെ ഐക്യത്തിൽ (in the unity of the Holy Spirit) പ്രവർത്തിക്കാൻ അവിടുന്ന് നമുക്കു പ്രചോദനം നൽകുന്നു. "So long as Our Lord was with the Apostles on earth, His influence was from without inward; but when He would send the Spirit, His influence would radiate from within outward; those who possessed it would have the Spirit of Christ Jesus on earth" (Life of Christ, by Bishop Fulton J. Sheen, P. 356).കുദാശകൾ മൗതിക ക്രിസ്‌തുവിന്റെ പ്രവൃത്തിയായതുകൊണ്ടും മൗതിക ക്രിസ്തുവിന്റെ ആത്മാവ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



പരിശുദ്ധാത്മാവായതുകൊണ്ടും കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ, പരിശുദ്ധാത്മാവിനെ ക്രിസ്തുവിൽനിന്നും വേർപെടുത്തി ചിന്തിക്കുന്നതു തെററാണ്. ''സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ (പരിശുദ്ധാത്മാവ്) നിങ്ങളുടെ അടുക്കലേയ്ക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേയ്ക്കു ഞാൻ അയയ്ക്കും'' (ജോൺ 16:7). ഇതിൻെറ അടിസ്ഥാനത്തിൽ ചിലർ പരിശുദ്ധാത്മാവിനെ ക്രിസ്തുവിൽനിന്നും വേർപെടുത്തി ചിന്തിച്ചതിൻെറ അനന്തരഫലമാണ് അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നത് റൂഹാക്ഷണ പ്രാർത്ഥന വഴിയാണെന്നുള്ള അബദ്ധസിദ്ധാന്തം. എന്നാൽ, ''അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ, നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും ജീവിക്കും. ഞാൻ എൻെറ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് നിങ്ങൾ അറിയും'' (ജോൺ 14:19-20). ''യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും''(മത്താ. 28:20) ക്രിസ്തു ഇവ അരുൾ ചെയ്തതു്, അവിടുന്നു ബലിപരമായ മരണംവഴി (sacrificial death) അവരുടെ പക്കൽനിന്നു കടന്നുപോകുന്നില്ലെങ്കിൽ, അവിടുത്തേ ആത്മാവായ പരിശുദ്ധാരൂപി അവരിൽ വസിക്കയില്ലെന്നും അവിടുത്തേ ശാരീരിക സാന്നിദ്ധ്യത്തെക്കാൾ ആത്മീയ സാന്നിദ്ധ്യമാണ് ശ്ലീഹന്മാർക്കും അവിടുത്തെ അനുഗമിക്കുന്നവർക്കും പ്രയോജനപ്പെടുന്നതെന്നും വ്യക്തമാക്കുവാനാണ്. ''The Corporal presence of Christ had to be removed in order that His spiritual presence might take its place. His continued presence on earth would have meant a localised presence; the descending of the Spirit would mean that He could be in the midst of all men who would be incorporated into Him'' (Bishop Fulton J. Sheen, op. cit. P. 356). മൗതിക ക്രിസ്തുവിനു് ജീവനും ചൈതന്യവും പകരുന്നതു് പരിശുദ്ധാത്മാവായ ദൈവമാണ്. അതായതു്, ശിരസ്സാകുന്ന ക്രിസ്തുവഴി അവയവങ്ങളും കഴിവുകളും (organs and faculties) പരിശുദ്ധാത്മാവിൽ നിന്നു് ജീവനും ചൈതന്യവും പ്രാപിക്കുന്നു. സഭയെ നിരന്തരം വിശുദ്ധീകരിക്കുകയും നവീകരിക്കുകയും ചൈതന്യപൂർണ്ണമാക്കുകയും ചെയ്യുന്ന ജോലിയാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പരിശുദ്ധാത്മാവിൽ ആരോപിക്കുന്നതു് (തിരുസഭ, അദ്ധ്യായം 1,4).

പരിശുദ്ധാത്മാവു് സഭയിൽ ശുദ്ധീകരണ വരപ്രസാദം (Sanctifying grace) പുറപ്പെടുവിച്ചുകൊണ്ടു് ഏകവും വിശുദ്ധവും കാതോലിക്കവും ശ്ലൈഹികവുമായ സഭയെ ജീവിപ്പിക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു. (Vivifying and Unifying) ക്രിസ്തുവാണ് തൻെറ സഭയേയും കൂദാശകളേയും സ്ഥാപിച്ചതു്. സഭയിലൂടെയും കൂദാശകളിലൂടെയും പ്രവർത്തിക്കുന്നതു് ക്രിസ്തുവാകയാൽ കൂദാശവചനങ്ങൾ (Consecration words) ഫലദായകമാണ്. (efficacious); സാർവ്വത്രിക രക്ഷാകര ശക്തിയുള്ളതാണ്; സൃഷ്ടിപരവും ക്രിയാത്മകവും സജീവവുമാണ്. ഈ ഫലദായകശക്തി (efficacy) അനന്തമാണ്, വ്യാപകമാണ് (Extensive). അന്ത്യഅത്താഴസമയത്തു് ക്രിസ്തു തൻെറ കുരിശിലെ മരണത്തെ പ്രതീകാത്മകമായി രക്തരഹിതമായി അവതരിപ്പിച്ച അവസരത്തിൽ അവിടുന്നു ചെയ്ത അനുഷ്ഠാനങ്ങളും ഉച്ചരിച്ച വാക്കുകളും അനുസ്മരിച്ച (recalls) ശേഷം വൈദികൻ വെറും ഒരു മനുഷ്യനെന്ന നിലയിലോ സഭയുടെ വെറുമൊരു പ്രതിനിധിയെന്ന നിലയിലോ അല്ല ക്രിസ്തുവിനോടു തന്നെത്തന്നെ താദാത്മ്യപ്പെടുത്തിക്കൊണ്ടു് (Identifyig himself withChrist) അവിടുത്തെ വ്യക്തിത്വത്തിലും അവിടുത്തെ നാമത്തിലും (in theperson of and in the name of Christ) അവിടുന്നു ഉച്ചരിച്ച അതേ വാക്കുകൾ: ''ഇതു് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ'' എന്നു് അപ്പത്തിന്മേലും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



''ഇതു് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ'' എന്നു് വീഞ്ഞിന്മേലും ഉച്ചരിക്കുന്നു. അൾത്താരയിലെ ബലി കുരിശിലെ ബലിയുടെ ആവർത്തനവും പുനരവതരണവും ആയതുകൊണ്ടും ക്രിസ്തു അന്ത്യഅത്താഴ സമയത്തു് ഉച്ചരിച്ച അതേ വാക്കുകൾക്ക് അന്നുണ്ടായിരുന്ന അതേ ശക്തിയും ഫലദായകത്വവും (power and efficacy) ഇന്നുമുള്ളതുകൊണ്ടും തൽക്ഷണംതന്നെ അപ്പവും വീഞ്ഞും കൂദാശവചനങ്ങളുടെ ശക്തിയാൽ (In virtue of the words)ക്രിസ്തുവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നു.

## ദിവ്യബലിയിൽ റൂഹാക്ഷണ പ്രാർത്ഥന

റൂഹാക്ഷണ പ്രാർത്ഥന ഈശോയുടെ ഉത്ഥാനത്തെയാണു് അവതരിപ്പിക്കുന്നതെന്നും റൂഹാക്ഷണ പ്രാർത്ഥനവഴി പരിശുദ്ധാത്മാവുവന്നു് ബലിവസ്തുക്കളായ അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുത്തുന്നു എന്നുമാണു് സീറോ മലബാർ സഭയിലെ ചില ലിറ്റർജി വിദഗ്ധർ പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും.(കാണുക, ''ബലിയർപ്പണത്തിനു് ഒരു വഴികാട്ടി'' by റവ. ഡോ. ജേക്കബ് വെള്ളിയാൻ, പേജ് 62,89) ഇതു് രണ്ടായിരം വർഷങ്ങളായിട്ടുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്കും പാരമ്പര്യങ്ങൾക്കും ഘടകവിരുദ്ധമാണെന്നു് പറയേണ്ടിയിരിക്കുന്നു. കൂദാശവചനങ്ങൾ ഉച്ചരിച്ചശേഷം കർത്തൃപ്രാർത്ഥനയുടെ അനുസ്മരണം മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ ചൊല്ലിക്കഴിഞ്ഞാണല്ലൊ റൂഹാക്ഷണ പ്രാർത്ഥന ചൊല്ലുന്നതു്. 'എന്റെ കർത്താവേ, നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ. നിന്റെ ദാസന്മാരുടെ ഈ കുർബാനയിൽ അവിടുന്നു് ആവസിച്ചു് ഇതിനെ ആശീർവദിക്കുകയും പവിത്രീകരിക്കയും ചെയ്യട്ടെ...' എന്നുള്ളതാണു് റൂഹാക്ഷണ പ്രാർത്ഥന. പരിശുദ്ധാത്മാവുവന്നു് അപ്പത്തേയും വീഞ്ഞിനേയും ഈശോയുടെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുത്തണമെന്നോ, രൂപാന്തരപ്പെടുത്തുന്നു എന്നോ, ഉള്ളതിനു് യാതൊരു സൂചനയും ഈ പ്രാർത്ഥനയിൽ ഇല്ല. മാത്രമല്ല പരിശുദ്ധാത്മാവിന്റെ പ്രചോദനംവഴി അപ്പത്തേയും വീഞ്ഞിനേയും ശരീരരക്തങ്ങളാക്കി മാറ്റുക എന്നതു് തന്റെ മനുഷ്യത്വത്തിൽക്കൂടി പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാന്റെ–മൗതിക ക്രിസ്തുവിന്റെ– പ്രവൃത്തി ആയതുകൊണ്ടും, സാരംശഭേദം കൂദാശ വചനങ്ങളുടെ ശക്തിയാൽ ആയതുകൊണ്ടും, ആ ലക്ഷ്യത്തിനുവേണ്ടി പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയുടെ ആവശ്യമോ, പ്രസക്തിയോ ഇവിടെയില്ല. നമ്മുടെ കർത്താവ് അന്ത്യഅത്താഴവേളയിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനംവഴി—പരിശുദ്ധാരൂപിയുടെ ആവാസംവഴി—അപ്പവും, വീഞ്ഞും ശരീരരക്തങ്ങളായി രൂപാന്തരപ്പെടുത്തിയതുപോലെ അൾത്താരയിലും അതേ ക്രിസ്തുതന്നെ (Mystical Christ) അതേ വാക്കുകൾ ഉച്ചരിച്ചുകൊണ്ടു് പുരോഹിത ശുശ്രൂഷയിലൂടെ പരിശുദ്ധാത്മാവിന്റെ ആവാസംവഴി അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നു. അതുകൊണ്ടു് കൂദാശവചനങ്ങൾവഴി ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളായി തീർന്ന ബലിവസ്തുക്കളെ വീണ്ടും ആശീർവദിക്കുകയോ പവിത്രീകരിക്കയോ ചെയ്യേണ്ട ആവശ്യം ഇല്ല. ലോകമെങ്ങും അർപ്പിക്കപ്പെടുന്ന ബലിയിൽ മൗതിക ശരീരത്തിന്റെ അംഗങ്ങളെന്ന നിലയിൽ ഞാനും നിങ്ങളും സമർപ്പിക്കപ്പെടുന്നുണ്ടെങ്കിലും നമ്മൾ അതിൽ സന്നിഹിതരാകാത്തതുകൊണ്ടു്ഈ സമർപ്പണം നമ്മുടെ പ്രവൃത്തിയല്ല. നമ്മൾ വ്യക്തിപരമായി ക്രിസ്തുവിനോടും അവിടുത്തെ ശുശ്രൂഷകനായ വൈദികനോടും ഒത്തു് പ്രത്യേക നിയോഗംവഴി (by specific acts of intellect and will) നമ്മെത്തന്നെ—നമ്മുടെ ജീവനും ജീവിതവും—സമർപ്പിക്കുമ്പോൾ ആ കുർബാന നമ്മുടെ കുർബാനയാണെന്നു പറയാം.

www.TheCMSIndia.org

''യേശു ക്രിസ്തുവിലൂടെ ദൈവത്തിന് സ്വീകാര്യമായ ആത്മീയബലികളർപ്പിക്കാൻ നിങ്ങളും ഒരു വിശുദ്ധ പുരോഹിതജനമായിത്തീരുക''(1പത്രോസ് ശ്ലീഹായുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രത്യേകം സ്മർ 2:5).എന്ന പത്രോസ് ത്തവ്യമാണ്. എന്നാൽ ക്രിസ്തു നിർമ്മലനും പരിശുദ്ധനും ആയിരിക്കുന്നതുപോലെ,പരിശുദ്ധരും നിർമ്മലരും അല്ല അവിടുത്തെ മൗതികശരീരത്തിലെ അംഗങ്ങൾ.ക്രിസ്തു പ്രധാന അർപ്പകൻ എന്ന നിലയിൽ എല്ലാ കുർബാനയും അവിടുത്തെ യോഗ്യതയാൽ സ്വീകാര്യവും ഫലദായകവുമാണ് (ex opere operato) സഭയുടെ ലക്ഷണമായ വിശുദ്ധിയാണ് അതിനു കാരണം. എന്നാൻ ആ വിശുദ്ധി ഏറ്റക്കുറച്ചിലുകൾക്ക് അധീനമായതിനാൽ, അത് കൂടിയും കുറഞ്ഞുമിരിക്കുന്നു. അതുകൊണ്ട് സഹ-അർപ്പകരെന്നനിലയിൽ ഓരോ കുർബാനയുടെയും സ്വീകാര്യതയും ഫലദായകത്വവും നിഷ്കൃഷ്ടമായ അളവിൽ വൈദികന്റേയും വിശ്വാസികളുടെയും ജീവിത വിശുദ്ധിയെ കൂടി (ex opere operante) ആശ്രയിച്ചിരിക്കുന്നു. വി. കുർബാന വഴി കൂടുതൽ ദൈവികത്വവും കൂടുതൽ വിശുദ്ധിയും കൂടുതൽ കൃപാവരവും മനുഷ്യന് ആർജിക്കാം. അപ്പവും വീഞ്ഞും അവയുടെ ബാഹ്യഭാവങ്ങൾക്കു പിന്നിൽ (under the appearances of) ക്രിസ്തു സന്നിഹിതനാകാൻവേണ്ടി അവയുടെ ''സാരാംശം'' കൈവെടിഞ്ഞതുപോലെ നമ്മുടെ ബാഹ്യഭാവങ്ങളായ കുടുംബബന്ധം, ജോലി, ആരോഗ്യം, പ്രതാപം, പ്രശസ്തി സൗന്ദര്യം, പ്രത്യേക കഴിവുകൾ എന്നിവയുടെ പിന്നിൽ മറഞ്ഞിരിക്കുന്ന നമ്മുടെ ബുദ്ധി, ഇച്ഛ, സത്ത എന്നിവയെ ''സാരാംശഭേദം'' വഴി ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെടുത്തുവാൻവേണ്ടി, ക്രിസ്തുവിനെ നമ്മൾ പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതോടൊപ്പം നമ്മൾ നമ്മെത്തന്നെ ക്രിസ്തുവിൽ സമർപ്പിക്കണം. (cfr. SC 48) മററു വാക്കുകളിൽ നമ്മൾ നമ്മെത്തന്നെ ആദ്ധ്യാത്മിക ബലിയായി ക്രിസ്തുവിനോടു ചേർത്ത്, ക്രിസ്തുവിലും ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടു കൂടിയും പിതാവായ ദൈവത്തിനു സമർപ്പിക്കണം. അപ്പോൾ വി. കുർബാനയെ ''നിന്റെ ദാസന്മാരുടെ ഈ കുർബാന'' എന്നു വിളിക്കാവുന്നതാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പരിശുദ്ധാത്മാവു വന്ന് കുർബാനയെ ആശീർവദിക്കാനും പവിത്രീകരിക്കാനും (to sanctify) ദിവ്യരഹസ്യങ്ങൾ ഫലപ്രദമായി സ്വീകരിക്കുന്നതിന് തന്നെയും ദൈവജനത്തെയും പ്രാപ്തരാക്കാനും വൈദികൻ പ്രാർത്ഥിക്കുന്നത്. വിശുദ്ധീകരണം ആവശ്യമുള്ളത് മനുഷ്യനാണ് അപ്പത്തിനും വീഞ്ഞിനുമല്ല. തന്റെ അയോഗ്യതയെപ്പററി പൂർണ്ണബോധവാനായ വൈദികൻ കുർബാനയിൽ ഉടനീളം പ്രാർത്ഥിക്കുന്നുണ്ട് താൻ ഉൾപ്പെടുന്നതായ ഈ കുർബാനയെ ആശീർവദിക്കുന്നതിനും പവിത്രീകരിക്കുന്നതിനുമായി.അതുകൊണ്ട് തന്റെ അയോഗ്യതാബോധത്തിൽനിന്നും ദൈവജനത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഉടലെടുത്തതാണ് ഈ റൂഹാക്ഷണ പ്രാർത്ഥനയും. അതേ പവിത്രാത്മാവായ പരിശുദ്ധാത്മാവ് ആദ്ധ്യാത്മികമായി—നിയോഗം വഴി സഹ-അർപ്പകരും സഹ-ബലിവസ്തുക്കളും ആയിരിക്കുന്ന വൈദികനെയും ദൈവജനത്തേയും ആശീർവദിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നതിനുള്ള ഈ ബലി കൂടുതൽ ഫലദായകമാക്കുന്നതിനുള്ള മനോജ്ഞമായ ഒരു പ്രാർത്ഥന.

## പിതൃപുത്രപവിത്രാത്മബന്ധം

ദൈവം ഒന്നേ ഉള്ളു എന്നും ദൈവത്തിൽ മൂന്നാളുകൾ—പിതാവ്,പുത്രൻ, പരിശുദ്ധാത്മാവ് ഉണ്ടെന്നും കത്തോലിക്കർ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും ഒരു വിശ്വാസസത്യമാണ്. പരി. ത്രിത്വത്തിലെ മൂന്നു വ്യത്യസ്ത വ്യക്തികൾക്കും ഒരേ ശക്തിയും തുല്യ അവകാശാധികാരങ്ങളും തുല്യ മഹത്വവും തുല്യ ബോധജ്ഞാനവുമുണ്ട്. മൂവർക്കും ആരംഭമോ അന്ത്യമോ ഇല്ല. മനുഷ്യകുലമായുള്ള ബന്ധപ്പെടലിലാണ് രക്ഷണീയകർമ്മത്തിലാണ് ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായി വെളിപ്പെടുന്നത് ഇവർ മൂവരും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS

www.TheCMSIndia.org